നമ്പർ: 35/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ നമ്മുടെ ദൈവമായ യേശുതമ്പുരാന്റെ രക്ഷാകരമായ കഷ്ടാനുഭവത്തിലേക്കും മഹത്വകരമായ പുനരുത്ഥാനത്തിലേക്കും വലിയ നോമ്പാകുന്ന വിശുദ്ധ വഴിയിലൂടെ പ്രവേശിക്കുവാൻ പരിശുദ്ധ സഭ ഒരുങ്ങുന്ന കാലമാണല്ലോ ഇത്. ഈ ലോക യാത്രയിലെ സകല ഭാരങ്ങളും മുറുകെ പറ്റുന്ന പാപങ്ങളും വിട്ട് നമ്മുടെ വിശ്വാസ ജീവിത പോരാട്ടം സ്ഥിരതയോടെ ദൈവസന്നിധിയിൽ ഓടിപൂർത്തീകരിക്കുവാൻ നമ്മെ പരുവപ്പെടുത്തുന്ന ആത്മീയ മൂശയാകുന്നുവല്ലോ പരിശുദ്ധ നോമ്പ്. ആകയാൽ പ്രാർത്ഥനയിൽ ഉറ്റിരിക്കുവാനും, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവാനും 'ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതുതന്നെ' ചിന്തിക്കുവാനുമുള്ള വേദപ്രമാണങ്ങളെ ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ട് സത്യ അനുതാപത്തിലൂടെയും ഭക്തിപൂർവ്വമായ ദണ്ഡനമസ്കാരങ്ങളിലൂടെയും നമ്മുടെ ജീവിതത്തെ വിശുദ്ധികൊണ്ട് നിറയ്ക്കുവാൻ സഭാമക്കൾ ഏവരും ഈ നാളുകളിൽ പ്രത്യേകം ശ്രദ്ധിക്കണം. കല്ലിനെ അപ്പമാക്കുവാനും സാത്താനെ നമസ്കരിക്കുവാനുമുള്ള ആധുനിക ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള കരുത്ത് നോമ്പാകുന്ന ആയുധത്തിനുണ്ട് എന്ന് നാം വിസ്മരിച്ചുകൂടാ. നമ്മുടെ രക്ഷകൻ നോറ്റ ഈ നോമ്പിനെ വിശുദ്ധിയോടെയും നിർമ്മലതയോടെയും നമുക്കും ആചരിക്കാം. ഇത് നമ്മുടെ സഭയിലെയും കുടുംബങ്ങളിലെയും വ്യക്തി ജീവിതങ്ങളിലെയും കുറവുകളെ പോക്കി നമ്മെ ശുദ്ധീകരിക്കുകയും ശക്തീകരിക്കുകയും ചെയ്യും. ആരാധനയിലൂടെ നമ്മുടെ കർത്താവിന്റെ കുരിശിന്റെ പാതയിൽ പ്രയാണം ചെയ്യുവാനും ഉയർപ്പിന്റെ സന്തോഷവും സമാധാനവും ഹൃദയങ്ങളിൽ ആസ്വദിക്കുവാനും ഈ വലിയ നോമ്പ് ആചരണം മുഖാന്തിരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. സഭാ മക്കൾ ഏവരും നോമ്പ് ആചരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ഫെബ്രുവരി മാസം 20 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.